**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1346** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പാലങ്ങളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>1. അമലാനഗർ പാവറട്ടി റോഡ് KM 8/400-ൽ പരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. കേച്ചേരി പാലത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മണലൂർ മണ്ഡലത്തിൽ നിലവിൽ പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്നതും പരിഗണനയിലുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; അമല-പാവറട്ടി റോഡിൽ സ്ഥിതി ചെയ്യുന്ന കടാന്തോട് പാലം നിലവിൽ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (ബി) | മണലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പാലങ്ങൾ വിഭാഗത്തിന് കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല അമല പാവറട്ടി റോഡിൽ സ്ഥിതി ചെയ്യുന്ന കടാന്തോട് പാലത്തിന് സംസ്ഥാന ബഡ്ജറ്റിൽ 2017-18-ലും 23-2024-ലും 100 രൂപ ടോക്കൺ തുക വകയിരുത്തിയിരുന്നു. പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 8 കോടി രൂപയുടെ എസ്റ്റിമേറ്റ് 2019-ലും ആയതിനു ശേഷം 9.64 കോടി രൂപയുടെ എസ്റ്റിമേറ്റ് 2024-ലും ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. എങ്കിലും നിലവിൽ ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാന ബഡ്ജറ്റിൽ പല തവണ ടോക്കൺ തുക വകയിരുത്തിയിട്ടുള്ള പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ്, ഡി. പി. ആർ. (ഡീറ്റൈൽഡ് പ്രോജെക്ട് റിപ്പോർട്ട്) എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ബി പിരിവിന്റെ അതേ മറുപടി. |
| (ഡി) | അംഗീകാരത്തിനായി സമർപ്പിച്ച പ്രസ്തുത എസ്റ്റിമേറ്റ്, ഡി. പി. ആർ. എന്നിവ ഡിഫർ ചെയ്തിട്ടുണ്ടോ; | (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതിയ്ക്കായി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഡെഫർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മണലൂർ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | | എങ്കിലും പാലത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധന വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പാലത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് അടിയന്തരമായി പ്രസ്തുത പാലം പുതുക്കി പണിയാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഡി പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ